പോകുന്ന തടവുകാരുടെ ബത്ത വർദ്ധിപ്പിച്ചു. പരോൾ വ്യവസ്ഥ ഉദാരമാക്കി ജയിലുകളിലെ ലൈബ്രറികൾ വിപുലപ്പെടുത്തി. തടവുകാർക്ക് വിവിധ കോഴ്സുകൾ, ട്രേഡുകൾ,കമ്പ്യൂട്ടർ എന്നിവ പഠിയ്ക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കി. ജയിലുകളിൽ പാചകവാതക സൗകര്യം ഏർപ്പാടാക്കി.

(ഡി) ഘട്ടം ഘട്ടമായി നടപ്പിലാക്കിവരുന്നു

(ഇ) തുറന്ന ജയിലുകളിലെ വേതനം അധിക ജോലിയുൾപ്പെടെ 51 രൂപയായിരുന്നത് 117 രൂപയായി വർദ്ധിപ്പിച്ചു. മറ്റ് ജയിലുകളിലെ കുറഞ്ഞ വേതനം 13 രൂപയായിരുന്നത് 30 രൂപയായി വർദ്ധിപ്പിച്ചു. കാലാനുസൃതമായി വേതനം പരിഷ്കരിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

ജയിലുകളുടെ സുരക്ഷ ശക്തമാക്കുവാൻ നടപടികൾ

84(290) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജയിലുകളുടെ സുരക്ഷ ശക്തമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പൂജപ്പുര സെൻട്രൽ ജയിൽ വളപ്പിനു ചുറ്റുമായി സുശക്തമായ ജയിൽ ഭിത്തി കെട്ടുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) സംസ്ഥാനത്ത് കൊടുംകുറ്റവാളികൾ, തീവ്രവാദക്കേസിലെ പ്രതികൾ തുടങ്ങിയവരെ പാർപ്പിക്കുന്നതിനായി ഒരു അതീവ സുരക്ഷാ ജയിൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ഡി) സംസ്ഥാനത്തെ എല്ലാ പ്രമുഖ ജയിലുകളിലും സി.സി.റ്റി.വി., മൊബൈൽ ജാമർ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കുമോ ;

(ഇ) ജയിലുകളിൽ പരിശീലനം ലഭിച്ച വാർഡർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) സംസ്ഥാനത്തെ ജയിലുകളുടെ സുരക്ഷ ശക്തമാക്കുന്നതിനായി സൂക്ഷ്മ നിരീക്ഷണ ക്യാമറകൾ തിരുവനന്തപുരം സെൻട്രൽ ജയിലിലും കണ്ണൂർ സെൻട്രൽ ജയിലിലും സ്ഥാപിച്ചു. കണ്ണൂർ സെൻട്രൽ ജയിലിൽ മൊബൈൽ ഫോൺ ജാമറുകൾ സ്ഥാപിച്ചു. ജയിലുകളും കോടതികളും തമ്മിൽ ബന്ധിപ്പിക്കുന്ന വീഡിയോ കോൺഫറൻസ് സംവിധാനം നടപ്പിലാക്കി വരുന്നു. പ്രസ്തുത സംവിധാനം വഴി കോടതികളിൽ കൊണ്ടുപോകുമ്പോൾ പ്രതികളുടെ രക്ഷപ്പെടൽ, ജയിലിലേക്ക് നിരോധിത സാധനങ്ങൾ കടത്തുന്നതിനുള്ള സാഹചര്യങ്ങൾ ഇവ ഗണ്യമായി കുറഞ്ഞു. മൂന്ന് സെൻട്രൽ ജയിലുകളിലും പെരിഫെറൽ സെക്യൂരിറ്റിയ്ക്കായി പോലീസ് സേനയെ നിയോഗിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) സർക്കാരിന്റെ പരിശോധനയിലാണ്.

(ഡി) കണ്ണൂർ, തിരുവനന്തപുരം എന്നീ സെൻട്രൽ ജയിലുകളിൽ സിസി.ടി.വി., സർവെയ്‌ലൻസ് സംവിധാനം സ്ഥാപിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. കണ്ണൂർ സെൻട്രൽ ജയിലിൽ മൊബൈൽ ഫോൺ ജാമർ സംവിധാനം സ്ഥാപിച്ചുകഴിഞ്ഞു.

(ഇ) കൂടുതൽ വാർഡർമാർക്ക് ഒരേ സമയം പരിശീലനം നൽകുന്നതിനായി വിയ്യൂർ, കണ്ണൂർ എന്നീ സെൻട്രൽ ജയിലുകളോടനുബന്ധിച്ച് സിക്കയുടെ റീജിയണൽ ട്രെയിനിംഗ് സെന്റർ ആരംഭിച്ചു. അതിന്റെ ഫലമായി ഒരേ സമയം 180 വാർഡർമാർക്ക് പരിശീലനം നൽകുന്നതിന് സാധിക്കുന്നതാണ്.

വടകര ജയിലിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ

85(291) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വടകര ജയിലിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്തിയെന്ന് വിശദമാക്കുമോ ;

(ബി) വടകര ജയിലിൽ സ്ഥലപരിമിതിമൂലം പ്രയാസങ്ങൾ അനുഭവിക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) വടകര ജയിൽ വികസിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

(ബി) ഉണ്ട്. കെട്ടിട വിസ്തൃതി വർദ്ധിപ്പിക്കുവാൻ തക്കവിധം പുതിയ സ്ഥലം ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നു കൊണ്ടിരിക്കുന്നു.

ജയിലുകളിലെ സംഘട്ടനങ്ങൾ

86(292) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം ഇതുവരെ സംസ്ഥാനത്ത് ജയിലുകളിൽ ജയിൽപുള്ളികൾ തമ്മിലോ ജയിൽ പുള്ളികളും ജയിലധികാരികളും തമ്മിലോ സംഘട്ടനങ്ങൾ ഉണ്ടായ എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ബി) ഇതു സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 54.

LIBRARY ARCHIVES Kerala Legislative Assembly